**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **02-08-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ്, സൗണ്ട് & പന്തൽ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലൈറ്റ്, സൗണ്ട്, പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ലൈറ്റ്, സൗണ്ട്, പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി മേഖലയിലെ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ബോർഡുകൾ വഴി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗമാണെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നത്; വ്യക്തമാക്കാമോ; | (ബി) | കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായവർക്ക് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കോവിഡ് മൂലം പ്രതിസന്ധിയിലായ പ്രസ്തുത തൊഴിലാളികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലൈറ്റ് ആന്റ് സൗണ്ട്, പന്തൽ അടക്കമുള്ള മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ സജീവ അംഗങ്ങൾക്കും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1000/-രൂപ കോവിഡ് ധനസഹായം അനുവദിച്ചിരുന്നു. ഇതു കൂടാതെ ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5000/- രൂപയും, കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000/-രൂപയും ക്ഷേമനിധി ബോർഡിൽ നിന്ന് പ്രത്യേകമായി വിതരണം ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള 1000/- രൂപ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് വഴി നിലവിൽ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായവർക്ക് വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ.**

**1. പെൻഷൻ**

(i) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് 60 വയസ്സ് പൂർത്തിയായ അംഗത്തിന്.

(ii) പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച് സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാത്തവർക്ക്.

(iii) മറ്റേതെങ്കിലും ആക്റ്റിലെ വ്യവസ്ഥ പ്രകാരം ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് എന്നാൽ 55 വയസ്സ് പൂർത്തിയാക്കിയ ശേഷം പെൻഷൻ പറ്റി പിരിയേണ്ടി വന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതു വരെയുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം നിധിയിലേയ്ക്ക് അടച്ചാൽ.

**2. കുടുംബ പെൻഷൻ**

(i) 15 വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ.

(ii) പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെട്ടാൽ.

**3. വിവാഹാനുകൂല്യം**

(i) മൂന്നു വർഷം അംശദായം അടച്ച അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വനിതാ അംഗത്തിനും 7500/-രൂപ

(ii) പുരുഷ അംഗത്തിന് 5000/-രൂപ

**4. പ്രസവാനുകൂല്യം**

(i) വനിതാ അംഗത്തിന് 15000/-രൂപ

(ii) ഗർഭം അലസലിന് 2500/-രൂപ

**5. വിദ്യാഭ്യാസാനുകൂല്യം**

(i) അംഗങ്ങളുടെ മക്കൾക്ക് പഠനകാലയളവിൽ തന്നെ ധനസഹായം ലഭിക്കുന്നു.

(ii) മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായം.

(iii) കലാ-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായം.

**6. ചികിത്സാ സഹായം**

(i) മൂന്ന് വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10,000/-രൂപ സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക്.

**7. മരണാനന്തര സഹായം**

(i) മൂന്ന് വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ.

(ii) 5000/- രൂപ മുതൽ പരമാവധി 20,000/-രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് ധനസഹായം.

**8. മരണാനന്തര ചെലവ്**

3 വർഷം അംശദായം അടച്ച അംഗത്തിനും അംഗത്തിന്റെ കുടുംബാംഗങ്ങൾക്കും (5000/-രൂപ)

**9. അംശദായം തിരിച്ചു നൽകൽ**

(i) 60 വയസ്സ് പൂർത്തിയാകുമ്പോൾ തൊഴിലാളി വിഹിതമായി അടച്ച അംശദായ തുക തിരിച്ചു നൽകുന്നു.

(ii) മരണാനന്തര സഹായം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക്.

(iii) രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച ശേഷം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്ക്.

Aswathi K.S.
സെക്ഷൻ ഓഫീസർ